ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,
'വനലക്ഷ്മി'
തിരുവനന്തപുരം - 14
☎: 0471 – 2339593
Fax: 04712338808
Mob: 9447979002
email:pccf.for@kerala.gov.in

ഇ6-25060/17 (എ)

തീയതി: 24.10.2019

## സർക്കുലർ

വനം വകുപ്പിന്റെ പുതിയ ലോഗോ സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നം 306/2019/വനം തീയതി. 03.08.2019 ആയി അംഗീകരിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളേയും പ്രതിനിധാനം ചെയ്താണ് മേൽ ലോഗോ ഡിസൈൻ ചെയ്തിട്ടുള്ളത്.

മദ്ധ്യഭാഗത്തെ വൃത്തത്തിൽ ചുറ്റുമായി വനസംരക്ഷണം ജനപങ്കാളിത്തത്തോടെ എന്നുള്ളതിനായി 28 മനുഷ്യർ കൈകോർത്ത് നില്ക്കുന്ന രീതിയിലാണ് ഡിസൈൻ. വനം വകുപ്പിന്റെ ടെറിട്ടോറിയൽ, വൈൽഡ് ലൈഫ് ഡിവിഷനുകളെ/സർക്കിളുകളെയാണ് ഇത് പ്രതിനിധാനം ചെയ്യുന്നത്.

രണ്ട് വശത്തുമുള്ള ആനകൾ നില്ക്കുന്നത് മുളയിലയുടേയും പൂവിന്റെയും കൂടിച്ചേർന്ന ഡിസൈനിലാണ്. ഓരോ വശത്തും ഏഴ് ജോഡി മുളയുടെ പുവും നാല് വീതം ഇലകളുമാണ് ഉള്ളത്. പതിനാല് ജോഡി മുളയുടെ പൂക്കൾ സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകളേയും, എട്ട് മുളയുടെ ഇലകൾ ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷനുകളേയും പ്രതിനിധാനം ചെയ്യുന്നു.

ലോഗോയുടെ താഴെ മദ്ധ്യഭാഗത്തായി വനം വകുപ്പിന്റെ പ്രവർത്തനങ്ങളെ പ്രതിനിധാനം ചെയ്യുന്ന തരത്തിലുള്ള ശ്ലോകം ഉൾപ്പെടുത്തിയിട്ടുണ്ട്.

**"സുരക്ഷിത ഭാവിക്കായി"**

# सुरक्षित भाव्यर्थम्

## "For Secure Future"

അർത്ഥം : വനം വകുപ്പ് നിലകൊള്ളുന്നത് പ്രകൃതി സമ്പത്തിന്റെ സംരക്ഷണത്തിനായാണ്. മേൽ പ്രകൃതി സമ്പത്തിന്റെ സംരക്ഷണം ഭാവി സുരക്ഷിതമാക്കാൻ അത്യന്താപേക്ഷിതമാണ്.

Kerala Forest Department stands for protecting the natural wealth which is essential for secure future.

**മേൽ ലോഗോ ഉപയോഗിക്കുന്നതിനുള്ള നിബന്ധനകൾ**

1. ലോഗോ ഡിസൈൻ ചെയ്തിരിക്കുന്നത് 12.8 cm x 11.4 cm അളവിലാണ്. ഉപയോഗക്രമം അനുസരിച്ച് ലോഗോയുടെ അളവ് ആനുപാതികമായി കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാവുന്നതാണ്.
2. വനം വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ലോഗോ പ്രദർശിപ്പിക്കേണ്ടതാണ്.
3. വനം വകുപ്പിലെ എല്ലാ കത്തിടപാടുകളിലും മുകളിലായി വനം വകുപ്പിന്റെ ലോഗോ ഉൾപ്പെടുത്തേണ്ടതാണ്.
4. ലെറ്റർ ഹെഡിൽ ലോഗോ കറുപ്പോ ചുവപ്പോ നിറത്തിൽ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു.
5. മറ്റ് പ്രസിദ്ധീകരണങ്ങൾ/ സർട്ടിഫിക്കറ്റ്/ പരസ്യബോർഡുകൾ എന്നിവയിൽ ഉപയോഗിക്കുമ്പോൾ അവയുടെ ബാക്ക്ഗ്രൗണ്ടിനനുസരിച്ച് ചുവപ്പ്/ ഗോൾഡ്/ പച്ച/ കറുപ്പ് എന്നീ എതെങ്കിലും നിറം ഉപയോഗിക്കാവുന്നതാണ്.
6. കത്തിടപാടുകളിലോ പരസ്യബോർഡുകളിലോ സർക്കാർ എംബ്ലം കൂടി ഉപയോഗിക്കുകയാണെങ്കിൽ സർക്കാർ എംബ്ലം മുകളിൽ അല്ലെങ്കിൽ മുകളിൽ ഇടതുവശത്തും വകുപ്പ് ലോഗോ സർക്കാർ എംബ്ലത്തിന് താഴെ അല്ലെങ്കിൽ വലതുവശത്തും ഉപയോഗിക്കേണ്ടതാണ്.
7. ലോഗോയുടെ PDF/JPG Format-കൾ വനം വകുപ്പ് വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്നതാണ്.

മേൽനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് എല്ലാ ഓഫീസ് മേലധികാരികളും ഉറപ്പാക്കേണ്ടതാണ്.

28/10/19.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഉള്ളടക്കം : സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നം 306/2019/വനം തീയതി. 03.08.2019.
സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ച ലോഗോയുടെ പകർപ്പ്.

To,

എല്ലാ ഓഫീസ് മേലധികാരികൾക്കും.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (IT) യ്ക്ക്. വനം വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.